# ചർച്ച് ബുള്ളറ്റിൻ ഏപ്രിൽ 2009



# താളുകൾ മറിക്കുമ്പോൾ


3-4 വികാരിയച്ചൻെറ സന്ദേശം

5 അറിയിപ്പുകൾ

6 ഹാശാ ആഴ്ച ശുശ്രൂഷകൾ

7 അഭിവന്ദ്യ തിരുമേനിക്ക് സ്വാഗതം

8 സഭാ വാർത്ത

9 Favours Received & B'day Greeting

10 മലയാളം ബൈബിൾ ക്വിസ്സ്– അന്നമ്മ ജോസഫ്

11-12 Bible Crossword In English By Leela Alexander

13 Happy Birthday Greetings

14-15 വി. കുമ്പസാരം. By- ലീന ബെന്നി

16 Happy Birthday Greetings

17-18 The Little Girl In The Park – By Sai Manarcadu

19 09–03–09–ലെ ഏകദിന ധ്യാനം ദൃശ്യങ്ങൾ

20 New faces to our parish


## ഓർമ്മപെരുന്നാൾ



വടക്കൻ പറവൂർ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പ: അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവായുടെ ഓർമ്മ പെരുന്നാൾ 2009 ഏപ്രിൽ 26 ഞായറാഴ്ച താഴെ കൊടുത്തിരിക്കുന്ന പ്രോഗ്രാം അനുസരിച്ച് കൊണ്ടാടുവാൻ കർത്താവിൽ പ്രത്യാശിക്കുന്നു. വിശ്വാസികളേവരും പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുവാൻ സാദരം ക്ഷണിക്കുന്നു.

എന്ന്, വികാരി, ഫാ: പോൾ മാത്യു

**26–04–2009, ഞായർ** : 7:00 pm സന്ധ്യാ പ്രാർത്ഥന, വി:കുർബ്ബാന, പ്രസംഗം, ആശീർവാദം, നേർച്ച വിളമ്പ്.



## വികാരിയച്ചൻെറ സന്ദേശം



# വലിയ വെള്ളിയാഴ്ച

നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നേ ക്രിസ്തു തക്ക സമയത്തു അഭക്തക്കു വേണ്ടി മരിച്ചു. നീതിമാന്നു വേണ്ടി ആരെങ്കിലും മരിക്കുന്നതു ദുല്ലഭം; ഗുണവാന്നു വേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. റോമർ (5:6-8). ഇതിൻെറ സംഗ്രഹമായി മോർ യോഹന്നാൻ ശ്ലീഹാ ഇങ്ങനെ എഴുതുന്നു. ദൈവം സ്നേഹം തന്നെ. (1യോഹ: 4:9). കർതൃ വത്സലരെ കേരളിയരായ നാം ദേശീയ പുതുവത്സര പിറവിയിൽ ഓണം ആഘോഷിക്കുന്നു. ഒരു അവതാരം. ഉത്തമനായ മഹാബലി രാജാവിനെ നിഷ്കരുണം ശിരസ്സിൽ ചവുട്ടി പാതാളത്തിലേക്ക് തള്ളുന്നതാണ് ഈ ഐതീഹ്യത്തിൻെറ നിർഭാഗ്യ മകുടം. ഇത് ചെയ്യുന്ന അവതാരത്തെയല്ല, ഇതു സഹിച്ച സൃഷ്ടിയായ മനുഷ്യനാണ് ഓണത്തിൻെറ നായകൻ. ഇതൊരു ചരിത്ര സങ്കല്പം മാത്രമാകകൊണ്ട് നാം ഖേദിക്കേണ്ട. എന്നാൽ നിഷ്കളങ്ക ആത്മബലി മൂലം പാപിയായ മനുഷ്യനെ പാതാളത്തിൽ നിന്നും കരേറ്റുന്ന അത്ഭുത ചരിത്ര സംഭവമാണ് യേശുവിൻെറ ക്രൂശുമരണം. ദൈവം സ്നേഹമാണ്. ഉത്തമനായ മാവേലിയെ പാതാളത്തിലേക്കു ചവിട്ടി താഴ്ത്തുന്നവനല്ല പ്രത്യുത പാതാളത്തിൽ നിന്നും ആദാമിനെ ബലിയാൽ പറുദീസായിലേക്ക് കരേററുന്ന അത്ഭുത സ്നേഹമാണ് ദൈവം. ക്രൂശിൽ മൂന്നാണിയിൽ കിടന്ന് രക്തത്തിൽ കുളിച്ച് കർത്താവ് ഈ സ്നേഹം ലോകത്തെ ബോധ്യപെടുത്തുന്നു. ക്രൂശിതനായ കർത്താവ് ഏററവും ആദ്യം തന്നെ ക്രൂശിൽ നാട്ടിയ ശേഷം ഉറക്കെ ചിരിച്ച് പരിഹസിച്ച ജനതയോട് ഈ നിസ്തുല സ്നേഹം പ്രതിഫലിപ്പിച്ച് സ്വർഗഗസ്ഥ പിതാവിനോട് സർവ്വ ശക്തിയും സംഭരിച്ച് അപേക്ഷിക്കുന്നു. എന്നാൽ യേശു: പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നു അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കേണമേ എന്നു പറഞ്ഞു. (ലുക്കൊസ് 23:34).

രണ്ടാമത്തെ വചനവും ആ നിസ്തുല സ്നേഹത്തിൻെറ ഇരട്ടിയായ സാക്ഷ്യമാകുന്നു. ആ ജീവനാന്തം പാതകിയായി ജീവിച്ചതു കൂടാതെ, ക്രൂശിൽ കിടന്നുപോലും ക്രൂശകരോടും തൻെറ സഖിയായ ഇടത്തു ഭാഗത്തെ കള്ളനോടും കൂടെ കർത്താവിനെ പരിഹസിച്ചുവെങ്കിലും, അവസാന നിമിഷത്തിൽ സത്യമായി അനുതപിച്ച കള്ളനോട് ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു എന്നു പറഞ്ഞു. (ലുക്കൊസ് 23:43). ഏതൊരു പുണ്യവാനും പഴയനിയമ കാലത്ത് ലഭിക്കാത്ത മഹാഭാഗ്യം അവന് നൽകി, തൻെറ സ്വർഗഗീയ സ്നേഹം വെളിവാക്കി.

മൂന്നാമത്, തൻെറ ക്രൂശിങ്കൽ ഹൃദയത്തിൽ ചവളം കുത്തിയിറങ്ങുന്ന വേദനയുടെ

അനുഭവത്തിലും (ലൂക്കൊസ് 2:35) മാടപ്രാവിൻെറ നിഷ്കളങ്ക പ്രശാന്തതയിലും നിലകൊള്ളുന്ന തൻെറ പരിശുദ്ധാത്മാവിന് തൻെറ അരുമശിഷ്യൻ യോഹന്നാനെ തനിക്കുപകരം മകനായി സമ്മാനിച്ച്, വിരഹദു:ഖത്തിനൊരു ഉപശാന്തി നൽകി. ആ ഭരമേല്പിപ്പ് ഉറപപിച്ചുകൊണ്ട് ശിഷ്യനോടും *'ഇതാ നിൻെറ അമ്മ"* എന്നു പറഞ്ഞു. (യോഹ 12:26-27)

നാലാമത് ലോകത്തോടായി എനിക്കു ദാഹിക്കുന്നു എന്നു വിളിച്ചു പറഞ്ഞു. ശാരീരിക ദാഹത്തേക്കാൾ മനുഷ്യ സ്നഹത്തിൻെറ ഒരു ചെറു തുള്ളി പോലും ലഭിക്കുവാനുള്ള ആത്മീയ സ്നേഹ ദാഹത്തിൻെറ വിളിയായിരുന്നു അത്. എന്നാൽ അവർ ദാഹവും, വേദനയും വർദ്ധിപ്പിക്കുന്ന ഒരു പാനീയം മാത്രം നൽകി. യാതോരു അമർഷവും പ്രകടിപ്പിക്കാതെ പ്രശാന്തമായി താൻ അതു പാനം ചെയ്തു. (വി. യോഹ 19:26-27). തൻെറ നിസ്തുല സ്നേഹവും, താഴ്മയും സ്പഷ്ടമാക്കി.

അഞ്ചാമത് എൻെറ ദൈവമെ, എൻെറ ദൈവമെ നീ എന്നെ കൈവിട്ടതെന്ത്, (വി: മത്തായി 27-46, വി. മർക്കൊസ് 15:34) എന്ന് പിതാവിനോട് നിലവിളിച്ചു. ഇതിൻെറ രഹസ്യമെന്ത്? പിതാവ് എന്നോട് കൂടെ ഉള്ളതുകൊണ്ട് ഞാൻ ഏകനല്ല. (വി; യോഹന്നാൻ 16:32) എന്ന് ദൃഡമായി കർത്താവ് പറഞ്ഞിരിക്കെ ഇതിൻെറ പ്രസക്തിയെന്ത്?. പാപത്തിൻെറ ശമ്പളം (പ്രതിഫലം) മരണമാണ്, അത് താൻ പാപം ചെയ്തിട്ടല്ല. ആദാമിൻെറ പാപത്തിൻെറ ശമ്പളമാകുന്ന മരണം താൻ സ്വയമേ ഏറ്റതിനാലാണ്. ആദാമിന്നും അവൻെറ മക്കൾക്കും അതിൻെറ നിത്യ നന്മ ലഭിക്കുവാൻ വേണ്ടി യാതോരു ആശ്വാസവും പിതാവിൽ നിന്നും കൂടി ലഭിക്കാതെ, താൻ തൻെറ മരണവേദനയാകുന്ന കടം അനുഭവിച്ചതുതന്നെ. ഇത് ദാവീദ് ദീർഘദർശി 1000 വർഷങ്ങൾക്കുമുമ്പ് പ്രവചിച്ച സത്യവുമായിരുന്നു. (സങ്കീ: 22:1). ആദാമിനോടും മക്കളോടുമുള്ള തൻെറ അവാച്യ സ്നേഹത്തിന്റെ യാഗമരണം. പിതാവ് തന്നൊടുകൂടെുള്ളപ്പോൾത്തന്നെ പിതാവിൽ നിന്നുപോലും യാതോരു ആശ്വാസവും ലഭിക്കാതെ താൻ ആദാമിൻെറ പ്രതിപുരുഷ സ്ഥാനത്ത് അവനുള്ള മരണവേദന ഏറെറടുത്തു. അവനെ പാതാളത്തിൽ നിന്നും പറുദീസായിലേക്ക് കരേററി. ആദാമിൻെറ പാപത്തിൻെറ മുഴുവിലയും താൻ നൽകി എന്ന് ചുരുക്കം. ലോക പ്രശസ്ത ചരിത്രകാരനും, നിരീശ്വരനുമായ എച്ച്. ജി. വെൽസ്, ഈ വചനത്തെ മാത്രം അടിസ്ഥനമാക്കി ദുർവ്യാഖ്യാനം ചെയ്ത് യേശുക്രിസ്തു നിരാശയിൽ മരിച്ചു എന്നെഴുതി. ദൈവീക സ്നേഹത്തേയോ, പ്രവചനങ്ങളേയോ, പരിശുദ്ധാത്മ പ്രവർത്തനങ്ങളെയോ കുറിച്ച് അജ്ഞനായ ഒരു പ്രാകൃത ചിന്താഗതിക്കാരൻ. ലോകത്തിൻെറ മുമ്പാകെ എത്ര വലിയവനായാലും അങ്ങിനെ മാത്രമെ പറയുകയുള്ളുവെന്ന് മോർ പൗലോസ് ശ്ലീഹാ ലോകത്തെ ബോധ്യപ്പെടുത്തുന്നുണ്ട്. (1 കൊരി: 2:14) ഈ *എച്ച്. ജി. വെൽസ്,* ലോക പ്രശസ്തനായിരിക്കെ 1940-ൽ സ്വയം വെടിവച്ച് ആത്മഹത്യ ചെയ്തു. ദുഷ്ടൻെറ വേണ്ടാതനം അവൻെറ തലയിലേക്ക് തിരിയും (സങ്കീ: 7:16), ദുഷ്ടൻ സ്വന്ത കൈകളുടെ പ്രവർത്തിയിൽ കുടുങ്ങിയിരിക്കുന്നു. (സങ്കീ: 9:16), എന്നീ വചനങ്ങൾ അയാളിൽ നിവൃത്തിയമായി. ആ മനുഷ്യൻ തന്നെ നിരാശയിൽ ആത്മഹത്യ ചെയ്തു.

**(തുടരും)**

**ഈസ്റ്റർ ആശംസകളോടെ നിങ്ങളുടെ പോൾ അച്ചൻ**

# Announcements

**(26-04-2009 ഞായർ).** വടക്കൻ പറവൂർ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പ: അബ്ദുൾ ജലീൽ മോർ ഗ്രീഗോറിയോസ് ബാവായുടെ ഓർമ്മ പെരുന്നാൾ വി. കുർബ്ബാന വൈകീട്ട് 7:30-ന്. പെരുന്നാൾ ഏറ്റുകഴിക്കുവാൻ ആഗ്രഹിക്കുന്നവർ പേരുകൾ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

Our Member Mr. Roby Mathew Eapen & family have been blessed with a baby girl on 6th March 2009 & named Nayana Roby Eapen. **Congratulations.**

Our Member Mr. Samson K Joseph & family have been blessed with a baby girl on 16th March 2009 & named Emy Samson. **Congratulations.**

Our Member Mr. Polson V Pynadath & Shelly Polson have been blessed with a baby boy on 22nd March 2009. **Congratulations.**

**അനുശോചനം:** നമ്മുടെ ഇടവാകംഗങ്ങളായ ശ്രി സാജു ചെറിയാന്റെ ജേഷ്ഠ സഹോദരൻ, ശ്രീ മാത്യു ഏബ്രാഹാമിൻെറ grandfather-in-law, ശ്രീ കെ. എം. കുര്യന്റെ മാതാവ് എന്നിവർ കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതരുടെ സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തന്നതോടൊപ്പം, പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

24-04-2009 Friday cottage prayer meeting ശ്രീ ബേബി പോളിന്റെ ഭവനത്തിൽ വച്ച് നടത്തപ്പെടുന്നു. വൈകീട്ട് 7:30–ന്.

## New Church News Turning Over A New Leaf

Congratulations to the church news editor and his team. Thanks to their efforts, the church news has got a welcome change appreciated by all. It has such useful information that all the copies disappear from the shelves soon. Old rare photographs as well as those of the month's events are all so apt that we will keep copies of these news bulletins for....Always. And thank you very much for the 2009 year planner. The messages and the articles in the church news are very good and informative that one will not keep it down without reading it fully.
This small booklet gives you a wonderful feeling of unity in the church.
Yes...keep it up.

Best wishes
Leela Alexander

## ഹാശാ ആഴ്ച ശുശ്രൂഷകൾ

ഈ വർഷത്തെ ഹാശാ ആഴ്ച ശുശ്രൂഷകളും സുവിശേഷ യോഗവും 2009 ഏപ്രിൽ 3 മുതൽ 11 വരെ താഴെ കൊടുത്തിരിക്കുന്ന പ്രോഗ്രാം അനുസരിച്ച് അഭിവന്ദ്യ മാത്യൂസ് മോർ അപ്രേം മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തുവാൻ കർത്താവിൽ പ്രത്യാശിക്കുന്നു. വിശ്വാസികൾ ഏവരും പ്രാർത്ഥനയോടും ഉപവാസത്തോടും കൂടെ ശുശ്രൂഷകളിലും സുവിശേഷ യോഗങ്ങളിലും വന്ന് സംബന്ധിച്ച് അനുഗ്രഹീതരാകുവാൻ കർതൃ നാമത്തിൽ അഭ്യർത്ഥിക്കുന്നു.

എന്ന്, വികാരി, ഫാ: പോൾ മാത്യൂ

**03–04–09 വെള്ളി (40–ാം വെള്ളിയാഴ്ച)**

7:00 am : പ്രഭാത പ്രാർത്ഥന. 8:00 am : വിശുദ്ധ കുർബ്ബാന.

**04–04–09 ശനി (ഓശാന ശുശ്രൂഷ)**

6:30 pm : സന്ധ്യാ പ്രാർത്ഥന. 7:00 pm : ഓശാന ശുശ്രൂഷ, വിശുദ്ധ കുർബ്ബാന.

**05–04–09 ഞായർ, 06–04–09 തിങ്കൾ, 07–04–09 ചൊവ്വ**

7:30 pm -- 9:30 pm: സന്ധ്യാ പ്രാർത്ഥന, സുവിശേഷ പ്രസംഗം (അഭിവന്ദ്യ തിരുമേനി.)

**08–04–09 ബുധൻ**

5:00 pm-- 6:00 pm: വി: കുമ്പസാരം (സണ്ടേസ്ക്കൂൾ കുട്ടികൾക്കു മാത്രം)

7:00 pm-- 11:00 pm: പെസഹായുടെ വി: കുർബ്ബാന.

**09–04–09 വ്യാഴം**

7:30 pm-- 9:30 pm: കാൽ കഴുകൽ ശുശ്രൂഷ.

**10–04–09 വെള്ളി**

8:30 am-- 3:30 pm: ദു:ഖ വെള്ളിയാഴ്ചയുടെ ശുശ്രൂഷകൾ.

**11–04–09 ശനി**

10:30 am – 11:30 am: വിശുദ്ധ കുർബ്ബാന (അറിയിപ്പിന്റെ ശനി)

7:00 pm-- 11:45 pm: ഉയിർപ്പിന്റെ ശുശ്രൂഷ, വി: കുർബ്ബാന.

ഏപ്രിൽ 4,8,11 തീയ്യതികളിലെ ശുശ്രൂഷകളിൽ സംബന്ധിക്കുന്നതിന് ദൂരെ സ്ഥലങ്ങളിൽ നിന്നും വരുന്നവർക്ക്, വാഹന സൗകര്യം ക്രമീകരിക്കുന്നതിന് പള്ളി ഓഫിസുമായി ബന്ധപ്പെടേണ്ടതാണ്.

ഈ വർഷത്തെ ഹാശാ ആഴ്ച ശുശ്രൂഷകൾക്കും സുവിശേഷ യോഗത്തിനും പ്രധാന കാർമ്മികത്വം വഹിക്കുന്ന നിതാന്ത്യ വന്ദ്യ ദിവ്യ ശ്രി അഭിവന്ദ്യ മാത്യൂസ് മോർ അപ്രേം മെത്രാപ്പോലീത്തായ്ക്ക് സ്വാഗതം.



1950 ൽ മേക്കടമ്പിൽ നിന്ന് വയനാട്ടിലേക്ക് കുടിയേറിപ്പാർത്ത മലബാർ ഭദ്രാസനത്തിലെ കണിയാംപററ സെന്റ് ജോർജ്ജ് യാക്കോബായ ഇടവകയിൽ പനമരം അരിംചേറുമല ചിറ്റേത്തു വീട്ടിൽ ശോശാമ്മയുടേയും, സ്കറിയായുടേയും പുത്രനായി 1968 മെയ് 15 ന് ജനിച്ചു. കാലിക്കട്ട് സർവ്വകലാശാലയിൽ നിന്ന് ധനതത്ത്വശാസ്ത്രത്തിൽ ബി.എയും, എറണാകുളം മഹാരാജാസ് കോളജിൽ നിന്ന എം.എ.യും പാസായി. മുളന്തുരുത്തി എം.എസ്.ഒ.റ്റി സെമിനാരിയിൽ നിന്നും വേദശാസ്ത്രത്തിൽ ഡിപ്ലോമായും, മലേക്കുരിശ് ദയറായിൽനിന്ന് സുറിയാനി വിദ്യാഭ്യാസത്തിന് ശേഷം ബാഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ സെമിനാരിയിൽ നിന്ന് ബി.ഡി.യും എം.റ്റി.എച്ചും വിജയകരമായി പൂർത്തിയാക്കി. ഇംഗ്ലീഷ്, ഹീബ്രു, ഗ്രീക്ക്, സിറിയക്ക്, ഹിന്ദി, കന്നഡ ഭാഷകളിൽ പ്രാവണ്യം നേടിയ തിരുമേനി മലബാർ ഭദ്രാസനത്തിൽ പൂത്താഡി, *വേളംകോട് സെന്റ് മേരീസ് യാക്കോബായ സുറിയാനിപള്ളി,* ബാഹ്യകേരള ഇടവകയിൽ ബാംഗ്ലൂർ, മൈസൂർ ദേവാലയങ്ങളിലും പെരുമ്പള്ളി സെന്റ്. ജോർജ്ജ് സിംഹാസനപ്പള്ളി, ഏരൂർ സെന്റ ് മേരീസ് പള്ളി, ചെമ്പ് സെന്റ്. മേരീസ് പള്ളി, നോർത്ത് അമേരിക്കൻ ആർച്ച് ഡയോസിസിൽപ്പെട്ട ഡെൻവാർ സെന്റ് മേരീസ് പള്ളി, ഡിട്രോയിറ്റ് സെന്റ ് മേരീസ് , കാനഡ സെന്റ ്.മേരീസ് തുടങ്ങിയ ഇടവകകളിൽ സേവനം അനുഷ്ഠിച്ചു. മുളന്തുരുത്തി എം.എസ്.ഒ.റ്റി.സെമിനാരിയിൽ തിയോളജി, ഹീബ്രു, സിറിയക് ലിറ്റർജിക്കൽ മ്യൂസിക് മുതലായവയിൽ അദ്ധ്യാപകനായിരുന്നു. 1991 മാർച്ച് 14-ന് മലബാർ ഭദ്രാസനത്തിന്റെ യൂഹാനോൻ മോർ പീലക്സിനോസ് തിരുമേനിയിൽ നിന്നും കോറൂയോ പട്ടവും, 1993 ഏപ്രിൽ 19-ന് കാലം ചെയ്ത പെരുമ്പിള്ളി ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്നും എഫുദയ്ക്കോനോ പട്ടവും, 1994 മേയ് 27-ന് യൂഹാനോൻ മോർ പീലക്സിനോസ് തിരുമേനിയിൽ നിന്ന് കാശീശോ പട്ടവും, 2006 ജൂലായ് 2-ന് ശ്രേഷ്ഠ കാതോലിക്കാ ബസ്സേലിയോസ് തോമസ്സ് പ്രഥമൻ ബാവായിൽ നിന്നും നഹൂം എന്ന പേരിൽ റമ്പാൻ സ്ഥാനവും സ്വീകരിച്ചു. 2006 ജൂലായ് 3-ന് അങ്കമാലി ഭദ്രാസനത്തിലെ വടക്കൻ പറവൂർ യാക്കോബായ പള്ളിയിൽ വച്ച് ശ്രേഷ്ഠ കാതോലിക്കാ ബസ്സേലിയോസ് തോമസ്സ് പ്രഥമൻ ബാവാ മാത്യൂസ് മോർ അപ്രേം എന്ന പേരിൽ മേൽപട്ട സ്ഥാനത്തേക്കുയർത്തി. ഇപ്പോൾ അഭിവന്ദ്യ തിരുമനസ്സുകൊണ്ട് അങ്കമാലി ഭദ്രാസന ഹൈറേഞ്ച് മേഖലയുടെ സഹായ മെത്രാപ്പോലീത്തയായും, UAE-യിലുള്ള പള്ളികളുടെ മെത്രാപ്പോലീത്തയായും സേവനം അനുഷ്ഠിക്കുന്നു.

## സ്ലീബാ മോർ ഒസ്താത്തിയോസിന്റെ നാമം അഞ്ചാം തുബ്ദേനിൽ

യാക്കോബായ സുറിയാനി സഭയിൽ വി. കുർബാനയിലെ അഞ്ചാം തുബ്ദേനിൽ അനുസ്മരിക്കുന്ന പരിശുദ്ധന്മാരോടൊപ്പം സ്ലീബാ മോർ ഒസ്താത്തിയോസ് ബാവയുടെ നാമവും ഉൾപ്പെടുത്തി പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ കല്പന പുറപ്പെടുവിച്ചു.

ഇനിമുതൽ സഭയുടെ ലോകമെമ്പാടുമുള്ള എല്ലാ പള്ളികളിലും തുബ്ദേനിൽ പരിശുദ്ധ അബ്ദുൾ ജലീൽ മോർ ഗ്രിഗോറിയോസ് ബാവായ്ക്കു (വടക്കൻ പറവൂർ) ശേഷം സ്ലീബാ മോർ ഒസ്താത്തിയോസ് ബാവയും സ്മരിക്കപ്പെടും. ഇതുസംബന്ധിച്ച് ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവ എല്ലാ പള്ളികൾക്കും കല്പന അയച്ചിട്ടുണ്ട്. മലങ്കരയിൽ കബറടങ്ങിയ പിതാക്കന്മാരിൽ കുർബാനയിൽ സ്മരിക്കപ്പെടുന്നവർ ഇതോടെ അഞ്ചായി. സുറിയാനി ഓർത്തഡോക്സ് സഭയുടെ കുർബാന ക്രമത്തിൽ വിശുദ്ധരെ സ്മരിക്കുന്ന ഭാഗമാണ് അഞ്ചാം തുബ്ദേൻ. യൽദോ മോർ ബസേലിയോസ് മഫ്രിയാന (കോതമംഗലം), ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കിസ് ബാവ (മഞ്ഞനിക്കര), ഗീവർഗീസ് മോർ ഗ്രിഗോറിയോസ് (പരുമല തിരുമേനി) എന്നിവരാണ് തുബ്ദേനിൽ പൊതുവായി സ്മരിക്കപ്പെടുന്ന മറ്റു പിതാക്കന്മാർ. ശക്രുള്ള മോർ ബസേലിയോസ് മഫ്രിയാന (കണ്ടനാട്), പൗലോസ് മോർ അത്താനാസിയോസ് (ആലുവയിലെ വലിയ തിരുമേനി), യൂയാക്കിം മോർ കൂറിലോസ് ബാവ (മുളന്തുരുത്തി) പൗലോസ് മോർ കൂറിലോസ് (പാമ്പാടി) എന്നിവരും പരിശുദ്ധരുടെ നിരയിലുണ്ടെങ്കിലും അനുവദിക്കപ്പെട്ട പള്ളികളിലേ ഇപ്പോൾ സ്മരിക്കപ്പെടുന്നുള്ളൂ. അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായി 1919ൽ മലങ്കരയിലെത്തിയ ബാവ 1930 മാർച്ച് 19നു കുന്നംകുളം ആർത്താറ്റ് സിംഹാസന പള്ളിയിലാണ് കബറടങ്ങിയത്.

**മംഗളം ദിനപത്രം 30-03-2009**

ബഹറിൻ സെന്റ് പീറ്റേഴ്സ് പള്ളിയിൽ പരിശുദ്ധനായ സ്ലീബാ മോർ ഒസ്താത്തിയോസ് ബാവായുടെ ഓർമ്മ പെരുന്നാൾ 2009 മാർച്ച് 20 വെള്ളിയാഴ്ച ബഹുമാന്യരായ ഫാ: സാംസൺ കുറിയാക്കോസ്, ഫാ: പോൾ മാത്യൂ എന്നിവരുടെ പ്രധാന കാർമ്മികത്വത്തിൽ കൊണ്ടാടി. പ്രഭാത പ്രാർത്ഥന, വി:കുർബ്ബാന, പ്രസംഗം, പെരുന്നാൾ ഏറ്റുകഴിച്ചവർക്കുവേണ്ടി പ്രത്യേക സമർപ്പണ പ്രാർത്ഥന, ആശീർവാദം, നേർച്ച വിളമ്പ് എന്നിവയോടെ പെരുന്നാൾ സമാപിച്ചു.

### ഈ വർഷത്തെ പെരുന്നാൾ ഏറ്റു കഴിച്ചവർ

1. Achenkunj V. J
2. Angel Alias,
3. Angel Eldho
4. Ann Jeeps Shaj
5. Jerson C
6. Saramma Kuriakose
7. Shelby Jacob

Our Church website

www.stpetersbahrain.org

## THANKS GIVING FOR FAVORS RECEIVED



**POLSON. V. PYNADATH & FAMILY**



**SAJI MATHAI & FAMILY**



**ANGEL ELDHO PYNADATH**

വനിതാ സമാജത്തിൻെറ ആഭിമുഖ്യത്തിൽ 09-03-09 തിങ്കളാഴ്ച ഏകദിന ഉപവാസ ധ്യാനം നടത്തി. ബഹുമാന്യരായ ഫാ: സാംസൺ കുറിയാക്കോസ്, ഫാ: പോൾ മാത്യൂ എന്നിവർ നേതൃത്വം നൽകി. അനേകം ആളുകൾ പങ്കെടുത്ത് അനുഗ്രഹിതരായി.

## 1st HAPPY BIRTHDAY ON 04-04-09



## Benyamin Samuel Mathew

## ക്വിസ് നമ്പർ – 4
## (2 ശമുവേൽ 1 – 15)

1–"ചത്ത നായെപ്പോലെ ഇരിക്കുന്ന അടിയനെ നീ കടാക്ഷിക്കുവാൻ അടിയൻ എന്തുള്ളു" എന്നു പറഞ്ഞതാര് ?

2–"ആകട്ടെ സഹോദരി മിണ്ടാതിരിക്ക" അബ്ശാലോം പറഞ്ഞതാരോട് ?

3–"നിൻെറ രക്തം നിൻെറ തലമേൽ" എന്ന് അമാലേക്യനോട് പറഞ്ഞതാര് ?

4–ആരുടെ തലയാണ് അബ്നേരിൻെറ ശവക്കുഴിയിൽ അടക്കം ചെയ്തത് ?

5–ഈശ്–ബോശെത്ത് എത്രനാൾ യിസ്രായേലിൽ വാണു ?

6–"നീ വീട്ടിൽ ചെന്നു കാലുകളെ കഴുകുക" ദാവീദ് പറഞ്ഞതാരോട് ?

7–"നീ എനിക്കു അതി വത്സലൻ ആയിരുന്നു നിൻ പ്രേമം കളത്ര പ്രേമത്തിലും വിസ്മയമേറിയത്" എന്ന് ദാവീദ് പറഞ്ഞതാരേക്കുറിച്ച് ?

8–മരണമോ ജീവനോ എന്തുവന്നാലും ദാവീദിനോടുകൂടെ ഇരിക്കും എന്നു പറഞ്ഞവൻ ആര് ?

9–യഹോവ ദാവീദിൻെറ മുമ്പിൽ വെള്ളച്ചാട്ടംപോലെ ശത്രുക്കളെ തകർത്തതെവിടെവച്ച് ?

10–ദാവീദിൻെറ സേനാപതിയായ യോവാബ് ആരുടെ മകനാണ് ?

11–മെഫീബോശെത്തിനെ കൊന്നതാരെല്ലാം ?

12–ദാവീദിൻെറ ആദ്യജാതൻ ആര് ?

13–ഭാരമായിരുന്നതുകൊണ്ടുമാത്രം മുടി കത്രിച്ചിരുന്ന രാജകുമാരൻ ?

14–ആരുടെ ഭവനമാണ് ദൈവത്തിൻെറ പെട്ടകം ഇരുന്നതുമൂലം അനുഗ്രഹിക്കപ്പെട്ടത്?

15–"ആ മനുഷ്യൻ നീ തന്നെ" ദാവീദിനോട് പറഞ്ഞതാര് ?

## ക്വിസ് നമ്പർ – 3–ന്റെ ഉത്തരങ്ങൾ

1.യോനാഥാൻ ദാവീദിനോട് 20:23

2.ശമുവേൽ ശൗലിനോട് 15:29

3.ഏലി ശമുവേലിനോട് 3:18

4.ഏലി ഹന്നായോട് 1:17

5.ശമുവേൽ യിസ്രായേല്യരോട് 12:2

6.ആഖിശ് ദാവീദിനോട് 29:9

7.യഹോവ ശമുവേലിനോട് 16:7

8.ശൗൽ ദാവീദിനോട് 24:19

9.ദാവീദ് അബീഗയിലിനോട് 25:35

10.ഭൃത്യൻ ശൗലിനോട് 9:6

11.അബ്നേർ ദാവീദിനോട് 26:14

12.ഗൊല്യാത്ത് ദാവീദിനോട് 17:43

13.യോനാഥാൻ തൻെറ ആയുധവാഹകനായ ബാല്ല്യക്കാരനോട് 14:6

14.വെളിച്ചപ്പാടത്തി ശൗലിനോട് 28:12

15.എല്ക്കാന ഹന്നായോട് 1:8


**അടുത്ത ലക്കം ബുള്ളററിൻ മേയ് മാസം 1–ന് പ്രസദ്ധീകരിക്കുന്നതിനാൽ എല്ലാ ഉത്തരങ്ങളും, ലേഖനങ്ങളും ഏപ്രിൽ 24–ന് മുമ്പ് ഏല്പിക്കേണ്ടതാണ്**

ബൈബിൾ ക്വിസ്സിന്റെ കഴിഞ്ഞ മാസത്തെ വിജയികൾ

വിജയികൾക്ക് അഭിനന്ദനങ്ങൾ, അന്നമ്മ ജോസഫ്

1-Achama Elias, 2-Aleyamma Thomas, 3-Babu P V, 4-Belssy Prajeesh, 5-Biju Thelapilly, 6-Bisy Eby, 7-Giby Elson, 8-Hepsy Binu, 9-Moly Baby, 10-Preethi Jijo, 11-Reji Solomon, 12-Rejina Joseph, 13-Reny Eldho, 14-Shaiby Baby, 15-Shymol Eldho, 16-Simi Elias, 17-Sony Roy, 18-Ziby Benny, 19-Shaini Shaju, 20-Laly C Joshua, 21-Shelby Jacob, 22-Joji Susan Mani, 23-Lemma Ana Chrisostum, 24-Linda Sara Abraham, 25- Delna Anna Abraham

## Are You Bible Literate? Bible Crossword # 4 (April 2009)




Leela Alexander

**ACROSS**

**2** Who had a daughter called Jemima?
**4** What was Esther's Hebrew name?
**7** Who was Abraham's wife after Sarah died?
**8** Which woman of Midian was killed by being run through with a javelin?
**9** Who offered a bottle of milk to an enemy soldier and then killed him?
**11** What was the name of Sarah's Egyptian maid?
**12** Which wife of David was also given as a wife to a man named Phalti?
**15** Who was the wife of Aaron?

**DOWN**

**1** What was Saul's wife's name?
**3** Which hand maid of Rachel bore Jacob the sons Dan and Naphthali?
**5** Which Egyptian woman was the wife of Joseph?
**6** Which loving woman a concubin of Saul, watched over the corpses of her slaughtered children protecting them from birds and animals?
**10** Which Persian queen upset the king and councellors by refusing to appear at their drunken banquet?
**13** After Eve who is the first woman mentioned by name in the Bible?
**14** Who had a wife named Judith?

**Useful References:**
**2Samuel 21, Judges 4, Genesis 4, 1Samuel 14, 1Samuel 25, Genesis 41, Exodus 6, Genesis 30, Numbers 25, Esther 2, Genesis 16, Job 42, Genesis 25, Genesis 26.**

1. This is the fourth in the series of Bible crossword puzzles for 2009.
2. This time all the clues are about **famous women** mentioned in the Bible.
3. Solve the crossword and deposit your answers in the box near the door to the church within 14 days after the release of the news letter.
4. This contest is open to all; Sunday school students and adults.
5. The winners' names will be published in the Church Newsletter.
6. The annual award is given only to Sunday school students.
7. A few references are given. Use them if necessary.
8. You may also send the answers to me by email.
9. My email address is: **bibleliterate@gmail.**com

## Winners of Bible Crossword March 2009 — Total 44 winners

Acsah Elizabeth,
Akhil Basil Paulose,
Albert M Johns,
Angel Ann Joshua,
Anju Paulose,
Ann Mary Eldho.
Ashik James,
Ashley Shaju,
Aswin Kurian,
Christin,

Christy Mary Thomas,
Edhel Elsa Ann Joshua,
Elaine Agith,
Elsa Maria Thomas,
Flemy P Eby,
Jackson Jerom James,
Jeeba C Biju,
Jessin Achu Kuruvilla,
Jibu Joseph Biju,
Joel Kuruvilla Thomas,

Joseph Sabu,
Kamal Baby Paul,
Lian Gijo,
Linu Varghese,
Manuel Benny,
Maria Anna Eldho,
Merin Mary Basil,
Milan Mani Mathew,
Naomy Johns,
Ria Mariam,
Riya Raju

Ron Joseph,
Samuel Benny,
Sandra Saju,
Sebine Scaria,
Serene Scaria,
Shebin Mariam Zacharia,
Sherin Susn Isaac,
Sian Gijo,
Sneha Elsa Kuruvilla,
Thomas Sabu,
Vivek Solomon.
Delna Sara Abraham
Lemma Ana Chrisostum

**Congratulations, Leela Alexander**

## Answer to Bible Crossword 3 March 2009

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | P | E | T | E | R | | | | |
| | | | | | | W | | | | | | G |
| J | | | | | M | O | S | E | S | | | A |
| E | | | | | | | | L | | | | B |
| Z | | C | O | R | N | E | L | I | U | S | | R |
| E | | | | | | | | J | | | | I |
| B | | | | | | | | A | | | | E |
| E | | | S | | | I | S | H | M | A | E | L |
| L | A | Z | A | R | U | S | | | | | | |
| | | | M | | | A | B | R | A | H | A | M |
| | | | S | | | I | | | | | | |
| J | A | C | O | B | | A | | | | | | |
| | | | N | | | H | E | R | O | D | | |

# 3rd HAPPY BIRTHDAY ON 08-04-09



## Alvin V Saju

# 8th HAPPY BIRTHDAY ON 05-04-09



## Mathew Roy

# വി.കുമ്പസാരം

നമ്മുടെ പാപങ്ങങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധികരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. (1യോഹ:1:9)

മാതാവിൻെറ ഉദരത്തിൽ ഉരുവായ സമയത്ത് പിതാവാം ദൈവം നമ്മിൽ വച്ച ആത്മാവിനെ അതേ വിശുദ്ധിയോടു കൂടെ തിരിച്ചേൽപ്പിക്കുവാൻ നാം ഓരോരുത്തരും ബാധ്യസ്ഥരാണ്. ആത് എപ്പോൾ വേണ്ടി വരുമെന്ന് ദൈവം മാത്രം അറിയുന്നു. ഈ ലോക ജീവിതം മൂലം അശുദ്ധമായ ആ ആത്മാവിനെ വിശുദ്ധീകരിക്കുവാനുള്ള ഒരേ ഒരു മാർഗ്ഗമാണ് വി. കുമ്പസാരം. ഒരു നിമിഷം കൊണ്ട് അനുവർത്തിക്കുന്ന ഒരു കൂദാശയല്ലിത്. മാതാവിൻെറ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് സങ്കീർത്തനങ്ങൾ വായിച്ച് (150–ൽ 84 സങ്കീർത്തനങ്ങളും പാപത്തെക്കുറിച്ച് സംസാരിക്കുന്നു.) മൗദ്യോനീസോ പ്രാർത്ഥനകൾ ധ്യാനിച്ച് കുമ്പസാരത്തിനൊരുങ്ങണം. സ്വയം പരിശോധിച്ച്, അനുതപിച്ച് പുരോഹിതൻെറ മുമ്പാകെ ഏറ്റുപറഞ്ഞ് പാപമോചനം പ്രാപിക്കണം; പുരോഹിതൻ നിർദ്ദേശിക്കുന്ന പ്രായ്ശ്ചിത്തം ചെയ്യണം. പൂർണ്ണമായി വിശുദ്ധീകരിക്കപ്പെടണം എന്ന ആത്മാർത്ഥമായ ആഗ്രഹം ഉണ്ടാകുമ്പോൾ തന്നെ ദൈവാത്മാവ് പ്രവർത്തിച്ചു തുടങ്ങും മറഞ്ഞിരിക്കുന്ന ഒരോ പാപങ്ങളും വെളിപ്പെട്ടു വരും ചിന്തകൾ കൊണ്ടും പ്രവൃത്തികൊണ്ടും നാവുകൊണ്ടും പഞ്ചേന്ദ്രിയങ്ങൾ കൊണ്ടുമെല്ലാം ചെയ്തുപോയ ദ്രോഹങ്ങളോരോന്നും ദൈവം വെളിപ്പെടുത്തും. ക്രിസ്താനിയെന്ന വിലാസത്തിൽ ജീവിക്കുന്ന നാമോരുത്തരും പെസഹാ കുർബ്ബാന അനുഭവിക്കാൻ വേണ്ടി മാത്രം പേരിനൊരു കുമ്പസാരം നടത്തുന്നവരാണ്. യഥാർത്ഥ പാപങ്ങൾ മറച്ചുവച്ച് മാന്യമായ പാപങ്ങൾ മാത്രം ഏററുപറഞ്ഞ് വിശുദ്ധീകരണം പ്രാപിച്ചതായഭിനയിച്ച് കർത്താവിൻെറ തിരുശരീരരക്തങ്ങൾ അനുഭവിക്കുമ്പോൾ എത്ര വലിയ ശാപമാണ് സ്വയം ഏൽക്കുന്നത് എന്ന് തിരിച്ചറിയുന്നില്ലല്ലോ? അവരെ നോക്കി കർത്താവ് കരയും. അയോഗ്യതയോടെ വി. കുർബ്ബാന സ്വീകരിച്ചവരിൽ ഒന്നാമത്തെയാൾ യൂദാസ് ആയിരുന്നു. അത് സ്വീകരിച്ചയുടനെ സാത്താൻ അവനിൽ കടന്നു എന്നാണ് എഴുതിയിരക്കുന്നത്. പിന്നീട് എനതു സംഭവിച്ചുവെന്ന് നമുക്കറിയാം. അശുദ്ധമായ എൻെറ ജീവിതം വൈദീകൻ കേട്ടാൽ എന്തു തോന്നും സമുഹത്തിൽ മാന്യതയോടെ ജീവിക്കുന്ന എൻെറ ബലഹീനതകൾ എങ്ങനെ ഞാൻ തുറന്നുപറയും, ഇതെല്ലാം ഏതൊരു സാധാരണ മനുഷ്യൻെറയും ചിന്തയാണ് അതൊന്നും പറയേണ്ട ദൈവത്തിനറിയാമല്ലൊ എന്ന് ഉള്ളിലിരുന്ന് പറയുന്നത് പിശാചാണ്. പക്ഷേ ദൈവത്തിൻെറ പ്രതിപുരുഷനായ പുരോഹിതൻെറ സ്ഥാനത്ത് നാം കാണേണ്ടത് ദൈവത്തെയാണ്. ആത്മാർത്ഥമായ ഏററുപറച്ചിൽ കേൾക്കാൻ ദൈവം സ്വർഗ്ഗം ചായിച്ചിറങ്ങി വരും. പാപമോചനത്തിനായി വൈദീകൻെറ മുമ്പിൽ മുട്ടുകുത്തുമ്പോൾ മുന്നിൽ കാണേണ്ടത് ക്രൂശിതനായ ക്രിസ്തുവിനെയാണ്, നമ്മുടെ പാപങ്ങൾക്കുവേണ്ടി കഠിനവേദനകൾ സഹിച്ച് മൂന്നാണികളിൽ തൂങ്ങി നിൽക്കുന്ന നമ്മുടെ കർത്താവിനെയാണ്. ആ മുഖത്തേക്കു നോക്കി ഏറ്റുപറയണം കർത്താവെ

എൻെറ പാപങ്ങളാണ് നിൻെറ ഓരോ രക്ത തുള്ളികളിലും ഞാൻ കാണുന്നതെന്ന്. സകലവും മറകൂടാതെ വെളിവായിരിക്കുന്ന ദൈവത്തിൻെറ മുമ്പിൽ എൻെറ കർത്താവെ ഇതാ എൻെറ പാപങ്ങൾ, നിന്നെ വേദനിപ്പിച്ചു. എൻെറ കൊടു ക്രൂരതകൾ എന്ന് ഏറ്റു പറയുമ്പോൾ സ്വർഗ്ഗം സന്തോഷിക്കും. വിശുദ്ധികരിക്കപ്പെട്ട ആത്മാവിനെയോർത്ത് അനുഗ്രഹങ്ങൾ ധാരാളമായി ചൊരിയപ്പെടും, സഹനങ്ങളിൽ മുന്നേറാനുള്ള കൃപ ലഭിക്കും. ദൈവീക പദ്ധതികൾ വെളിപ്പെടും, പുതിയൊരു സൃഷ്ടിയായതിൻെറ സന്തോഷം അനുഭവിക്കും. പുരോഹിതൻ പാപമോചന പ്രാർത്ഥന ചൊല്ലുമ്പോൾ സ്വർഗ്ഗപിതാവ് വലതുകൈ നീട്ടി അനുഗ്രഹിക്കും. വി. കുർബ്ബാന അനുഭവത്തിലൂടെ കർത്താവ് നമ്മിൽ ജീവിക്കും. വീണ്ടും പാപത്തിലേക്ക് പോകാതിരിക്കാൻ ദൈവാത്മാവ് ഉള്ളിലിരുന്ന് വഴികാട്ടുകയും ചെയ്യും. ജീവിതത്തിലിന്നുവരെ മനസ്സോടും മനസ്സുകൂടാതേയും അറിവോടും അറിവ് കൂടാതേയും ചെത്തുപോയ സകല പാപങ്ങളും ക്രൂശിൻ ചുവട്ടിൽ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുമ്പോൾ ഉണ്ടാകുന്ന സംതൃപ്തിയും സ്വർഗ്ഗീയ സമാധാനവും അനുഭവിക്കാൻ വി നോമ്പിൻെറ ഈ കാലയളവിൽ ആത്മാക്കളുടെ ഉടയവനായ ദൈവം ഓരോരുത്തർക്കും കൃപ നൽകട്ടെ.

**ഈസ്ററർ ആശംസകളോടെ ലീനാ ബെന്നി.**

## I LOVE YOU SO MUCH

1- You are the god. I know you are very nice to see

Chorus: I love you so much because you solve my problems.

2- Father, what should I do for you. Jesus is a good friend.

(repeat stanza 1 & chorus)

3- In the name of Jesus the Satan will run away. Thank you Jesus for all the good things you have done to me.

(repeat chorus)

4- Thank you Jesus, even my mother forget me. my Jesus will not forget.

5- Your grace is all I need, your love is all I need (repeat chorus)

End: You Are The God)

**Song By Ashley Shaju**



കഴിഞ്ഞ ലക്കം പ്രസദ്ധീകരിച്ച identifying picture എന്ന മത്സരത്തിലേക്ക് ശരിയായ ഉത്തരം SMS അയച്ചത് Ms:സിബി ബെന്നി.

ശരിയായ ഉത്തരം:– അബ്ഗാർ രാജാവ് യേശുവിനെ ക്ഷണിച്ചു എഴുത്ത് അയച്ചതിനു മറുപടിയായി കർത്താവിൻെറ തിരുരൂപം രാജാവിനു മറുപടിയായി ലഭിക്കുന്നു. (Ref: പാതി നോമ്പിൻെറ പെങ്കീസാ നമസ്ക്കാരം)

2nd HAPPY BIRTHDAY ON 04-04-09

7th HAPPY BIRTHDAY ON 19-03-09



Ethan Shaj Kochakkan

Ann Jeepa Shaj

1st HAPPY BIRTHDAY ON 24-04-09



Angel Eldho Pynadath

# The resume of Jesus Christ

**Address: Ephesians 1:20**
**Phone: Romans 10:13**
**Website: The Bible.**
**Keywords: Christ, Lord, Saviour and Jesus**

My name is Jesus -The Christ. Many call me Lord! I've sent you my resume because I'm seeking the top management position in your heart. Please consider my accomplishments as set forth in my resume.

## Qualifications

•I founded the earth and established the heavens, (See Proverbs 3:19)
•I formed man from the dust of the ground, (See Genesis 2:7)
•I breathed into man the breath of life, (See Genesis 2:7)
•I redeemed man from the curse of the law, (See Galatians 3:13)
•The blessings of the Abrahamic Covenant comes upon your life through me (See Galatians 3:14)

## Occupational Background

•I've had only one employer, (See Luke 2:49).
•I’ve never been tardy, absent, disobedient, slothful or disrespectful.
•My employer has nothing but rave reviews for me, (See Matthew 3:15-17)

## Skills Work Experiences

•Some of my skills and work experiences include: empowering the poor to be poor no more, healing the broken hearted, setting the captives free, healing the sick, restoring sight to the blind and setting at liberty them that are bruised, (See Luke 4:18).
•I am a Wonderful Counsellor, (See Isaiah 9:6). People who listen to me shall dwell safely and shall not fear evil, (See Proverbs 1:33).
•Most importantly, I have the authority, ability and power to cleanse you of your sins, (See I John 1:7-9)

## Educational Background

•I encompass the entire breadth and length of knowledge, wisdom and understanding, (See Proverbs 2:6).
•In me are hid all of the treasures of wisdom and knowledge, (See Colossians 2:3).
•My Word is so powerful; it has been described as being a lamp unto your feet and a light unto your path, (See Psalms 119:105).
•I can even tell you all of the secrets of your heart, (See Psalms 44:21).

## Major Accomplishments

I was an active participant in the greatest Summit Meeting of all times, (See Genesis 1:26).

I laid down my life so that you may live, (See II Corinthians 5:15).

I defeated the archenemy of God and manki nd and made a show of them openly, (See Colossians 2:15).

I've miraculously fed the poor, healed the sick and raised the dead!

There are many more major accomplishments, too many to mention here. You can read them on my website, which is located at: www dot - the BIBLE.

You don't need an Internet connection or computer to access my website.

## References

Believers and followers worldwide will testify to my divine healings, salvation, deliverance, miracles, restoration and supernatural guidance

## In Summation

Now that you've read my resume, I'm confident that I'm the only candidate uniquely qualified to fill this vital position in your heart. In summation, I will properly direct your paths, (See Proverbs 3:5-6), and lead you into everlasting life, (See John 6:47). When can I start? Time is of the essence, (See Hebrews 3:15).

**Collected By SAI Manarcad**

## Thanks For Favours Received




**A BELIEVER**

**Cottage Prayer Meetting-2009**

## Cottage Prayer Meetting

(ഭവന പ്രാർത്ഥനാ യോഗം)

ഈ മാസത്തെ cottage prayer meetting (ഭവന പ്രാർത്ഥനാ യോഗം) 2009 ഏപ്രിൽ 24 വെള്ളിയാഴ്ച വൈകീട്ട് 7:30–ന് ശ്രീ ബേബി പോളിന്റെ വസതിയിൽ വച്ച് നടത്തപ്പെടുന്നു. വിശ്വാസികൾ ഏവരും വന്ന് സംബന്ധിച്ച് അനുഗ്രഹീതരാകുവാൻ കർതൃ നാമത്തിൽ അഭ്യർത്ഥിക്കുന്നു.

**Cottage Address:**

Flat#: 605.
Lift#: 3.
Floor#: 6
Bldg#: 318.
Sana Building.
Near Our Church.
Contact No: 39943124 & 17240185





മൊർത്ത്–മറിയം വനിതാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ
09–03–09–ൽ നടത്തിയ ഏകദിന ധ്യാനത്തിന്റെ ചില ദൃശ്യങ്ങൾ.



## NEW FACES TO OUR PARISH



**Mr. Paulson Varghese [P-023]**
Kooran Thazhathu Parambil House
Karukutty P.O-683576, Ankamaly , Phone: +914842612162
Home Parish: St. Peters JSO Church Peechanikkadu
Diocese: Ankamaly
Present Address:
Blue Eyes Opticals
Flat#: 13, Bldg#: 05, Road#: 373, Manama Center-306
Kingdom of Bahrain. Ph: 17555710, Mob: 39438195



**Mr. Eldho Yacob [E-034]**
Kooran Puliyapilly House
Mookkanoor P.O, Kokkunnu-683577, Ankamaly
Phone: +914842695563
Home Parish: St. George Sehion JSO Church Mookkannoor
Diocese: Ankamaly
Present Address:
Abdul Al Construction Services, Diplomatic Area
Flat#: 02, Bldg#: 16, Road#: 2905, AlMarkh 40529, Bahrain
Ph: 17533999, Mob: 36046417



**Mr. George Cherian [G-029]**
Kayapurathu House,
Theepany P.O, Thiruvalla-689101, Pathanamthitta
Phone: +914692633607
Home Parish: St. George JSO Church, Thiruvalla
Diocese: Niranom
Present Address:
Rafah Trading,. Flat#: 706, Road#: 1124,
Salmaniya, Manama-311, Bahrain
Ph: 17242150, Fax: 17242154, Mob: 39975138

Cottage Prayer Meeting നടത്തുവാൻ താൽപര്യമുള്ളവർ ശ്രീ രാജു. കെ വർഗ്ഗീസിനെ ബന്ധപ്പെടുക. (39974567) വീടുകളിൽ നടത്തുവാൻ സൗകര്യമില്ലാത്തവർക്ക് പള്ളിയിൽ വച്ച് നടത്തുന്നതിന് സൗകര്യമുണ്ടായിരിക്കും.

യൂത്ത് അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന 48–ാമത് chain prayer ഏപ്രിൽ മാസം 21–ാം തീയ്യതി ചൊവ്വാഴ്ച സന്ധ്യാ പ്രാർത്ഥനയോടെ ആരംഭിച്ച് 22–ാം തീയ്യതി ബുധനാഴ്ച മദ്ധ്യസ്ഥ പ്രാർത്ഥനയോടെ അവസാനിക്കുന്നു.

Our church website: www.stpetersbahrain.org